പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1302 — 06.02.2020-ൽ മറുപടിക്ക്

റവന്യൂ വകുപ്പ് പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ.എം.ഉമ്മർ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനധികൃതമായി മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ റവന്യൂ വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ എത്രയെണ്ണം കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ 23(എ)(4) വകുപ്പ് പ്രകാരം വിട്ടുതൽ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനധികൃതമായി മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നും വിട്ടുതൽ ചെയ്തിട്ടുണ്ടെന്നുമുള്ളതിനെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം | വിട്ടുതൽ ചെയ്ത വാഹനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 49 | 15 |
| 2 | കൊല്ലം | 17 | 04 |
| 3 | പത്തനംതിട്ട | 0 | 0 |
| 4 | ആലപ്പുഴ | 13 | 11 |
| 5 | കോട്ടയം | 03 | 02 |
| 6 | ഇടുക്കി | 16 | 05 |
| 7 | എറണാകുളം | 06 | 05 |
| 8 | തൃശ്ശൂർ | 312 | 02 |
| 9 | പാലക്കാട് | 180 | 22 |
| 10 | മലപ്പുറം | 505 | 332 |
| 11 | കോഴിക്കോട് | 31 | 06 |
| 12 | വയനാട് | 27 | 0 |
| 13 | കണ്ണൂർ | 08 | 02 |
| 14 | കാസറഗോഡ് | 08 | 0 |
| | **ആകെ** | **1175** | **406** |

(സി) ഇത്തരത്തിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഓഫീസ് കോമ്പൗണ്ടുകളിൽ പൊതു ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | ഇത്തരം വാഹനങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്ട് - 2013 പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ടി വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ